സ്കൂളുകളിൽ സംസ്ഥാന ഔഷധ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്കൂളിൽ ഒരു ഔഷധത്തോട്ടം. ഈ പദ്ധതിയിൽ കൂടി ആയുർവേദ ഔഷധ നിർമ്മാണ രംഗത്ത് സാധാരണയായി ഉപയോഗിക്കുന്ന ചുരുങ്ങിയത് 25 ഇനങ്ങളിൽപ്പെട്ട 50 മുതൽ 100 വരെ (സ്ഥല പരിമിതി അനുസരിച്ച്) ഔഷധ ചെടികളെങ്കിലും എല്ലാ വിദ്യാലയങ്ങളിലും നട്ടുവളർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. സോഷ്യൽ ഫോറസ്ട്രി, വനംവകുപ്പ്, ഔഷധി തുടങ്ങിയ ഗവൺമെന്റ് സ്ഥാപനങ്ങളും ഓയിസ്ക എന്ന ഗവൺമെന്റിതര സന്നദ്ധ സംഘടനയുമാണ് മേൽ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിനായി ദേശീയ ഔഷധ സസ്യബോർഡിൽ നിന്നും ടി സ്ഥാപനങ്ങൾക്ക് പദ്ധതികൾ മുഖേന ധനസഹായം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്താകമാനമായി ഇതിനകം മേൽ പദ്ധതി 940 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാന ഔഷധ സസ്യബോർഡിലെ ഉദ്യോഗസ്ഥരും ദേശീയ ഔഷധസസ്യ ബോർഡിലെ ഉദ്യോഗസ്ഥരും കൂടാതെ ദേശീയ ഔഷധസസ്യബോർഡ് നിയോഗിച്ചിട്ടുള്ള ഏജൻസിയും സ്കൂളിലൊരു ഔഷധത്തോട്ടം പദ്ധതിയുടെ പുരോഗതി വിവിധ ഘട്ടങ്ങളിലായി വിലയിരുത്തിയിട്ടുണ്ട് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ നട്ടുപിടിപ്പിച്ചിട്ടുള്ള 80% ഔഷധസസ്യങ്ങളും വളരെ നല്ല രീതിയിൽ വളർന്നുവരുന്നു.

(ഡി) സ്കൂളിൽ ഒരു ഔഷധത്തോട്ടം പദ്ധതിക്കായി നാളിതുവരെ 100.62 ലക്ഷം രൂപ ദേശീയ ഔഷധസസ്യബോർഡ് വിവിധ ഏജൻസികൾക്കായി അനുവദിക്കുകയും അതിൽ 86.62 ലക്ഷം രൂപ വിവിധ ഗഡുക്കളായി ഏജൻസികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഏജൻസികൾക്ക് ദേശീയ ഔഷധസസ്യബോർഡിൽനിന്നും അനുവദിച്ച തുകയും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.†

**കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതി**

28 (*88) ശ്രീ. പി. വിശ്വൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സാജു പോൾ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ ബസ് ടെർമ്മിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ആദ്യഘട്ടത്തിൽ ഏതെല്ലാം ബസ് സ്റ്റേഷനുകളിൽ പണി ആരംഭിച്ചു ; ഇവ ഓരോന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) പദ്ധതിയുമായി സഹകരിക്കുന്നതിന് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് മുന്നോട്ടു വന്നിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഷോപ്പിംഗ് കോംപ്ലക്സിനായി പ്രധാന ബസ് സ്റ്റേഷനുകളോടു ചേർന്നുള്ള സ്ഥലങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥലം അനുവദിക്കുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ്. തെറ്റയിൽ) :

(എ&ബി) യാത്രക്കാരുടെയും ജീവനക്കാരുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ബസ് സ്റ്റേഷനുകളിൽ സിവിൽ ജോലികൾ നടക്കുന്നുണ്ട്. കൂടാതെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വിവിധ സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ ബി.ഒ.ടി. അടിസ്ഥാനത്തിലും കെ.എസ്.ആർ.ടി.സി. നേരിട്ടും നിർമ്മിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ ഉൾപ്പെടുത്തിയിരിക്കുന്ന കോഴിക്കോട് 2011 ഡിസംബറിലും, തിരുവനന്തപുരം സെൻട്രൽ 2012 ജൂണിലും, തിരുവല്ല 2012 മേയിലും ആണ് പൂർത്തീകരിക്കാൻ പദ്ധതി ഇട്ടിട്ടുള്ളത്. ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം 2011 ജനുവരിയിലാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.നേരിട്ട് നിർമ്മിക്കുന്ന കാസർഗോഡ് 2011 ജനുവരിയിലും കാട്ടാക്കട 2011 ഏപ്രിലിലും ആണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി. നേരിട്ട് നിർമ്മിച്ച കൊട്ടാരക്കര 2010 മെയ് മാസം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടുകളുമായി സഹകരിക്കുന്നത് കെ.ടി.ഡി.എഫ്.സി. മാത്രമാണ്. കെ.ടി.ഡി.എഫ്.സി. ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടുകളുടെ ബി.ഒ.റ്റി. ഓപ്പറേറ്ററായി പ്രവർത്തിക്കുന്നു.

(ഡി) ഷോപ്പിംഗ് കോംപ്ലക്സിനായി സ്ഥലങ്ങൾ ഏറ്റെടുക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) ഇന്ററസ്റ്റ് ഫ്രീ സെക്യൂരിറ്റി ഡിപ്പോസിറ്റും (Interest Free Security Deposit) നിശ്ചിത മാസവാടകയും നൽകാൻ തയ്യാറുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് ഷോപ്പിംഗ് കോംപ്ലക്സുകളിൽ കച്ചവടസ്ഥലങ്ങൾ അനുവദിക്കുന്നത്. ഇതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ആരും ടെണ്ടർ സമർപ്പിക്കാത്ത പക്ഷം കൂടുതൽ മാസവാടക നല്കുവാൻ തയ്യാറാകുന്നവർക്ക് കച്ചവടസ്ഥലം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly